ഉത്തരം

(എ) സർവ്വേ വകുപ്പിൽ റീസർവ്വേ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടോട്ടൽ സ്റ്റേഷനുകൾ, ജി.പി.എസ്സുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷനുകൾ 22-1-1998, 10-9-2002, 29-3-2003 എന്നീ തീയതികളിലും ജി.പി.എസ്. 27-3-2001-ലുമാണ് വാങ്ങിയിട്ടുള്ളത്.

(ബി) ടോട്ടൽ സ്റ്റേഷൻ

ചെലവായത്	-	3,79,26,316
ജി.പി.എസ്.	-	59,64,440
സോഫ്റ്റ്വെയറും കംപ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും	-	88,74,700
ആകെ	-	5,27,65,456

(സി) ഈ ഉപകരണങ്ങൾ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ വിളപ്പായ വില്ലേജിൽ റീസർവ്വേ പൂർത്തിയായി. തവന്നൂർ വില്ലേജിലെ സർവ്വേ പുരോഗതിയിലാണ്. ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിന്റെ 231330 ഹെക്ടർ ഭൂമി സർവ്വേ ചെയ്തു. ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്ന സർവ്വേ ജോലികൾ ചെയ്തു വരുന്നു. കേരള ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ 60 കിലോ മീറ്റർ റോഡ് സർവ്വേ പൂർത്തിയാക്കി. കാസർഗോഡ് താലൂക്കിൽ സർവ്വേ നടപടികൾ ആരംഭിച്ചു.

ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേയിൽ തെറ്റുകൾ പൊതുവേ കുറവായിട്ടാണ് കാണുന്നത്. കൂടാതെ സർവ്വേ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കഴിയുന്നുണ്ട്. സർവ്വേ ചെയ്യുന്നതോടൊപ്പം തന്നെ റിക്കാർഡുകളും തയ്യാറാക്കാൻ കഴിയും.

ഏഴിമല നാവിക അക്കാഡമിക്കുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ

24 (3583) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏഴിമല നാവിക അക്കാഡമി നിർമ്മാണത്തിന് വേണ്ടി എത്ര ഭൂവുടമകളുടെ ആകെ എത്ര ഹെക്ടർ സ്ഥലമാണ് ഗവൺമെന്റ് ഏറ്റെടുത്തത് ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കലിൽ ഭൂവുടമകൾക്ക് ഗവൺമെന്റ് നൽകിയ വില കുറവാണ് എന്നും അധിക വില നൽകണമെന്നും ബഹു: ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത ഹൈക്കോടതി വിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലാന്റ് അക്വിസിഷൻ നിയമത്തിലെ 28 (എ) വകുപ്പുപ്രകാരം എത്ര അപേക്ഷകൾ ഇതിനകം ലഭിക്കുകയുണ്ടായിട്ടുണ്ട് ;

(ഇ) പ്രസ്തുത അപേക്ഷകളിന്മേൽ എത്രയെണ്ണം തീർപ്പുകല്പിച്ച് അപേക്ഷകൾക്ക് അധിക വില നൽകുകയുണ്ടായിട്ടുണ്ട് ;

(എഫ്) 28 (എ) വകുപ്പുപ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള എത്ര അപേക്ഷകളാണ് ഇനി തീർപ്പുകല്പിക്കപ്പെടുവാൻ ഉള്ളത് ;

(ജി) ഇതു സംബന്ധിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസ് എവിടെയാണ് സ്ഥിതി ചെയ്യുന്നത് ;

(എച്ച്) ഏഴിമലയിലെ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട ഓഫീസ് ദൂരെയായതിനാൽ കക്ഷികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ഐ) എങ്കിൽ ഏഴിമലയിലെ ലാന്റ് അക്വിസിഷൻ സംബന്ധിച്ച നടപടി ക്രമങ്ങൾക്കായി കണ്ണൂർ കളക്ടറേറ്റിൽ പ്രവർത്തിച്ചിരുന്ന ഓഫീസ് പുനസ്ഥാപിക്കുമോ ;

(ജെ) 28 (എ) വകുപ്പുപ്രകാരം തീർപ്പു കല്പിക്കുവാൻ ബാക്കിയുള്ള കേസ്സുകളിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ആകെ 681.8920 ഹെക്ടർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്. ഭൂവുടമകളെ സംബന്ധിച്ച വിവരങ്ങൾ പെട്ടെന്ന് ലഭ്യമല്ല.

(ബി) ഉണ്ട്.

(സി) 84 കേസ്സുകളിൽ തുക വർദ്ധിപ്പിച്ചുകൊണ്ട് കോടതിവിധി ഉണ്ടായിട്ടുണ്ട്. മിക്കവാറും വിധികൾ എൽ.എ.ആർ. 132/ആർ 186/87. എൽ.എ. ആർ. 98/92 എന്നീ കേസ്സുകളിലെ വിധികളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. മിക്ക കേസ്സുകളിലും അഞ്ചിരട്ടിയിലധികം വർദ്ധനവ് അനുവദിച്ചതായി കാണുന്നു.

(ഡി) 1813 അപേക്ഷകൾ.

(ഇ) 90 കേസ്സുകളിൽ തുക വർദ്ധിപ്പിച്ച് അവാർഡ് നൽകിയിട്ടുണ്ട്.

(എഫ്) 1210 അപേക്ഷകൾ.

(ജി) ഇപ്പോൾ ഇതു സംബന്ധിച്ച കാര്യങ്ങൾ തലശ്ശേരിയിലെ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നത്.

(എച്ച്) ഉണ്ട്.

(ഐ) പരിശോധിക്കുന്നതാണ്.

(ജെ) തീർപ്പുകല്പിക്കുവാനുള്ള കേസ്സുകളിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സ്പെഷ്യൽ തഹസിൽദാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly